(ബി) ബഡ്ജറ്റിൽ ഇതിനായി എത്ര കോടി രൂപ വകയിരുത്തിയിരുന്നു എന്നും എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭ്യമായിയെന്നും വിശദമാക്കാമോ ;

(സി) ഹ്രസ്വകാല കാർഷിക വായ്പ കൃത്യമായി തിരിച്ചടച്ചവരുടെ കണക്ക് ജില്ല തിരിച്ച് വിശദമാക്കുമോ ;

(ഡി) എത്ര കോടി രൂപ ഇതിനായി ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നബാർഡ് ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശ രഹിത വായ്പ നൽകുന്ന പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്.

(ബി) 2011-12 സാമ്പത്തിക വർഷം ഒരു കോടിയും, 2012-13 സാമ്പത്തിക വർഷം രണ്ടു കോടിയും ഉൾപ്പെടെ മൂന്നുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആനുകൂല്യത്തിന് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കിവരുന്നതേയുള്ളൂ.

(സി) ഹ്രസ്വകാല കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ വിവരങ്ങൾ സമർപ്പിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം സംഘങ്ങൾ പട്ടിക തയ്യാറാക്കി വരുന്നതേയുള്ളൂ.

(ഡി) ഈ പദ്ധതിയുടെ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിന് സഹകരണ വകുപ്പിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിനുശേഷം മാത്രമേ ഈ പദ്ധതി പ്രകാരമുള്ള തുക ചെലവഴിക്കാൻ കഴിയൂ.

**കൃഷി-മൃഗസംരക്ഷണ വകുപ്പുകൾ നടപ്പാക്കുന്ന വിവിധ പദ്ധതികൾ**

194 (3415) ശ്രീ. കെ. ദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൃഷിവകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഏതെല്ലാം ; ഓരോ പദ്ധതിയുടെയും വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് വിശദീകരിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 31 സംസ്ഥാനാവിഷ്കൃത പദ്ധതികളും (68684.00 ലക്ഷം രൂപയുടെ) 8 കേന്ദ്രാവിഷ്കൃത പദ്ധതികളും (2255.00 ലക്ഷം രൂപയുടെ) ആണ് 2012-13-ൽ കൃഷി വകുപ്പിലൂടെ നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) മൃഗസംരക്ഷണ മേഖലയിൽ താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

1. മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തുക.
2. രോഗപ്രതിരോധ നടപടികളായ കുളമ്പുരോഗ നിയന്ത്രണത്തിനുള്ള പരിപാടി (പി.പി.ആർ.),അസ്കാഡ്, കന്നുകാലി രോഗങ്ങളെ നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള ധനസഹായം ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതി, ദേശീയ ആടുവസന്ത രോഗ നിർമ്മാർജ്ജന പരിപാടി, ദേശീയ ബ്രൂസല്ലോസിസ് നിയന്ത്രണ പദ്ധതി.
3. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്.
4. ഓപ്പറേഷൻ റിൻ്റർപെസ്റ്റ്.
5. ദേശീയ കന്നുകാലി രോഗ റിപ്പോർട്ടിംഗ് സമ്പ്രദായം.
6. നിലവിലുള്ള മൃഗാശുപത്രികളുടെയും ഡിസ്പെൻസറികളുടെയും വികസനം.
7. വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം.
8. ഊർജ്ജിത കന്നുകാലി വികസനം
9. വകുപ്പിൻ കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും.
10. കോഴി, താറാവ് വളർത്തൽ കേന്ദ്രങ്ങൾ.
11. ഗ്രാമീണ മേഖലയിൽ വീട്ടുപരിസരത്ത് കോഴി വളർത്തൽ വികസന പരിപാടി.
12. പിന്നാമ്പുറ കോഴി വളർത്തൽ വികസന പദ്ധതി.
13. ദേശീയ തീറ്റപ്പുൽ വികസന പദ്ധതി.
14. വികസനവും പരിശീലനവും.
15. സംരംഭക വികസന പരിപാടികൾ
16. മൃഗസംരക്ഷണ സ്ഥിതി വിവര കണക്കും സാമ്പിൾ സർവ്വേയും
17. കന്നുകാലി സെൻസസ്സ്
18. വിവര സാങ്കേതിക വിദ്യ മെച്ചപ്പെടുത്തലും ആധുനിക വൽക്കരണവും
19. കെഎസ്പി.ഡി.സി. നടപ്പാക്കുന്ന പുതിയ സംരംഭങ്ങൾക്കുള്ള സാമ്പത്തിക സഹായം.

LIBRARY ARCHIVES Kerala Legislative Assembly

20. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യക്ക് സാമ്പത്തിക സഹായം
21. സംസ്ഥാന വെറ്റിനറി കൗൺസിലിനുള്ള സാമ്പത്തിക സഹായം.
22. കേരള ഫീഡ്സ് ലിമിറ്റഡിന് സാമ്പത്തിക സഹായം
23. പ്രത്യേക കന്നുകാലി വികസന പദ്ധതി
24. ഗവേഷണ വികസനം
25. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അയവിറക്കുന്ന മൃഗങ്ങളുടെ സംരക്ഷണം.
26. കന്നുകാലി ഇൻഷ്വറൻസ്
27. ചെറുമൃഗങ്ങൾക്കും മുയലുകൾക്കും വേണ്ടിയുള്ള സമഗ്ര വികസന പരിപാടി.
28. മൃഗ ചികിത്സാ സേവനവും മൃഗാരോഗ്യവും
29. മൃഗചികിത്സാ സേവനം ശക്തിപ്പെടുത്തൽ
30. കന്നുകാലി എരുമ സംവർദ്ധനം.
31. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്
32. ഡിപ്പാർട്ട്മെന്റ് ഫാമുകളുടെ ശക്തിപ്പെടുത്തൽ
33. വികസനവും പരിശീലനവും.

ഇതുകൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ ആർ.കെ.വി.വൈ. കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ് 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ പദ്ധതികളിലൂടെയും മൃഗസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

**നാളികേരത്തിന്റെ ഉല്പാദനവും പച്ചത്തേങ്ങ സംഭരണവും**

**195 (3417)** ശ്രീ. ജെയിംസ് മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നാളികേരത്തിന്റെ ഉല്പാദനം സംബന്ധിച്ച കഴിഞ്ഞ പത്ത് വർഷത്തെ ലഭ്യമായ കണക്കുകൾ വിശദമാക്കുമോ ;

(ബി) നാളികേരത്തിന്റെ ഉല്പാദനം കുറഞ്ഞു വരുന്നതിന്റെ പ്രമുഖ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; ഉല്പാദനം വർദ്ധിപ്പിക്കാൻ ലക്ഷ്യമുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly